MY LORD, MY GOD
# Bulletin
DIOCESE OF IRINJALAKUDA

MARCH 2013

Book : 34 Volume : 3

P.B. No. 59, Irinjalakuda - 680121
Phone : 2826830, 2826820
Website : www.irinjalakudadiocese.com
E-mail : ijkbph@gmail.com

## ഉള്ളടക്കം

1. ഇടയശബ്ദം ........ 02
2. കച്ചേരിക്കാര്യങ്ങൾ ........ 04
3 ഇടയലേഖനം ........ 08
4 വിജ്ഞാപനം ........ 12
5 സർക്കുലർ ........ 16
6 ബ്ലസ് എ ഹോം ........ 18
7 സഭാവാർത്തകൾ ........ 20
8 മതബോധനം ........ 23
9 കൊടുങ്ങല്ലൂർ റിസർച്ച് അക്കാദമി ........ 27
10 സോഷ്യൽ ആക്ഷൻ ........ 28
സ്പിരിച്വാലിറ്റി സെന്റർ ........ 29
അവാർഡ് ........ 30
നവചൈതന്യ ........ 31
കാത്തലിക് മൂവ്മെന്റ് ........ 32
കരിസ്മാറ്റിക് മൂവ്മെന്റ് ........ 33
സി.ആർ.ഐ. ........ 34
കെ.എൽ.എം. ........ 35
സെന്റ് ജെയിംസ് ഹോസ്പിറ്റൽ ........ 36
വൊക്കേഷൻ ബ്യൂറോ ........ 37
പാക്സ് ........ 37
കെ.സി.വൈ.എം. ........ 38
സെന്റ് പോൾസ് മൈനർ സെമിനാരി ........ 40
സാൻജോസദൻ ........ 41
ചെന്നൈമിഷൻ ........ 42
ബി.എൽ.എം. ........ 43
11 വാർഷികധ്യാനം ........ 44
12 ഇടയന്റെ നാളെകൾ ........ 47
13 ഇടയന്റെ ഇന്നലെകൾ ........ 48

# ഇടയശബ്ദം



*ഏറ്റവും സ്നേഹമുള്ള വൈദിക സുഹൃത്തുക്കളെ, പ്രിയ സമർപ്പിതരെ, മിശിഹായിൽ വാത്സല്യമുള്ള സഹോദരീസഹോദരൻമാരെ,*

2005 ഏപ്രിൽ 19–ന് 265–ാം മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ട പ്രഖ്യാപനത്തിനുശഷം സെന്റ് പീറ്റേഴ്സ് ബസിലിക്കായുടെ മട്ടുപ്പാവിലെത്തിയ കർദ്ദിനാൾ റാറ്റ്സിംഗർ പറഞ്ഞു "അയോഗ്യമായ ഉപകരണങ്ങൾ കൊണ്ടുപോലും കാര്യങ്ങൾ ചെയ്യുവാൻ കെല്പുള്ളവനായ കർത്താവിൽ ഞാൻ ശരണം വെക്കുന്നു" 8 വർഷങ്ങൾക്കുശേഷം 2013 ഫെബ്രുവരി 10–ന് വിളിച്ചു ചേർത്ത കർദ്ദിനാൾമാരുടെ സമ്മേളനത്തിൽ (കൺസിസ്റ്ററി) ബനഡിക്ട് പതിനാറാമൻ മാർപാപ്പ സ്ഥാനത്യാഗപ്രഖ്യാപനം നടത്തിക്കൊണ്ട് പറഞ്ഞത് ഇതിന്റെ തുടർച്ചയാണ്. "പത്രോസിന്റെ സിംഹാസനത്തിലെ ശുശ്രൂഷകൾ ഉചിതമായി നിർവ്വഹിക്കുവാൻ പ്രായാധിക്യംമൂലം വേണ്ടത്ര കരുത്തില്ലെന്ന് ദൈവസന്നിധിയിൽ ആവർത്തിച്ചു നടത്തിയ ആത്മപരിശോധനയിൽ എനിക്ക് ബോധ്യമായി. വാക്കുകളും പ്രവൃത്തികളും മാത്രമല്ല പ്രാർത്ഥനകളും സഹനവും ആ ആദ്ധ്യാത്മിക ശുശ്രൂഷ മുന്നോട്ടു കൊണ്ടു പോകുവാൻ ആവശ്യമാണ് എന്നതിനെക്കുറിച്ച് എനിക്ക് നല്ല ബോധ്യമുണ്ട്. വിശ്വാസജീവിതത്തിന്റെ ആഴമേറിയ പ്രസക്തിയെക്കുറിച്ചുള്ള ചോദ്യങ്ങളുടെയും ദ്രുതഗതിയിലുള്ള മാറ്റങ്ങളുടെയും പിടിയിൽ അമർന്നിരിക്കുന്ന ഇന്നത്തെ ലോകത്തിൽ പത്രോസിന്റെ പടവിനെ നയിക്കുവാനും സുവിശേഷം പ്രഘോഷിക്കുവാനും മനസ്സിനും ശരീരത്തിനും ശക്തി ആവശ്യമാണ്. കഴിഞ്ഞ കുറെ മാസങ്ങളായി ശാരീരിക ആരോഗ്യം ക്ഷയിച്ചു വരുന്നതിനാൽ എന്നെ ഭരമേല്പിച്ചിരിക്കുന്ന ശുശ്രൂഷ വേണ്ടവിധം നിർവ്വഹിക്കുവാനുള്ള ബുദ്ധിമുട്ട് അംഗീകരിക്കുന്നു. ഇക്കാരണത്താൽ ഇതിന്റെ ഗൗരവം പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് ഞാൻ പ്രഖ്യാപിക്കുന്നു. 2005 ഏപ്രിൽ 19–ന് കർദ്ദിനാൾമാർ എന്നെ ഭരമേല്പിച്ച റോമിന്റെ മെത്രാനും പത്രോസിന്റെ പിൻഗാമിയും എന്ന പദവി പൂർണ്ണ സ്വാതന്ത്ര്യത്തോടെ വേണ്ടെന്നു വയ്ക്കുന്നു" മാർപാപ്പ, സ്ഥാനം ഏറ്റെടുത്തപ്പോഴും ആരോഗ്യപരമായ കാരണങ്ങളാൽ സ്ഥാനം ഒഴിയുമ്പോഴും അദ്ദേഹം തന്റെ വ്യക്തിപരമായ താല്പര്യങ്ങളേക്കാൾ സഭയുടെ നന്മ കാംക്ഷിച്ചുകൊണ്ടാണ് തീരുമാനമെടുത്തത്. പാപ്പ തന്നെത്തന്നെ വിശേഷിപ്പിക്കുന്നത് ഇപ്രകാരമാണ് . "കർത്താവിന്റെ മുന്തിരിത്തോപ്പിലെ വിനീത പണിക്കാരൻ" നന്മയുടെ വക്താക്കളായി ശുശ്രൂഷ ചെയ്യുവാനും ദൈവഹിത

ത്തിനോട് പൂർണ്ണമായി സഹകരിക്കുവാനും എല്ലാം ദൈവത്തിന്റെ മഹത്വത്തെപ്രതി സഭയുടെ നന്മയെപ്രതി നിർവ്വഹിക്കുവാനും നമുക്ക് ശ്രമിക്കാം.

മാർപാപ്പയാകുംമുമ്പ് കാൽ നൂറ്റാണ്ടോളം വത്തിക്കാനിലെ വിശ്വാസസംരക്ഷകനായി പ്രവർത്തിച്ച അദ്ദേഹം സഭ ആദിമ മൂല്യങ്ങളിലേക്ക് മടങ്ങണമെന്ന് ഓർമ്മിപ്പിച്ചു. വിശ്വാസത്തെയും സദാചാരത്തെയും ധാർമ്മികതയേയും സംബന്ധിച്ച് വിട്ടുവീഴ്ചകൾക്ക് അദ്ദേഹം തയ്യാറായില്ല. ഇവയെപ്പറ്റിയുള്ള ആപേക്ഷികതയെ ജോൺപോൾ രണ്ടാമൻ മാർപാപ്പയെപ്പോലെ അദ്ദേഹവും എതിർത്തു. സഭയും മാനവസമൂഹവും എതിരിടേണ്ടത് ആപേക്ഷികവാദത്തിന്റെ സർവ്വാധിപത്യത്തോടാണെന്ന് 2005ൽ യുവജനങ്ങളോട് നടത്തിയ പ്രഭാഷണത്തിൽ അദ്ദേഹം പറഞ്ഞു. വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും സദാചാരത്തിന്റെയും കാര്യത്തിൽ ആദിമസഭയുടെ ചൈതന്യത്തിൽ വിട്ടുവീഴ്ചയില്ലെന്ന് വ്യക്തമാക്കുന്ന മൂന്നു ചാക്രിക ലേഖനങ്ങളാണ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ എഴുതിയത്. ദേവൂസ് കാരിത്താസ് എസ്ത് (ദൈവം സ്നേഹമാകുന്നു 2006). സ്പേ സാൽവി (പ്രത്യാശയിൽ രക്ഷ 2007), കാരിത്താസ് ഇൻ വേരിത്താത്തേ (സത്യത്തിൽ സ്നേഹം 2009) എന്നിവയാണ് ഈ ചാക്രിക ലേഖനങ്ങൾ. ഇവയിലൂടെ മാർപാപ്പ ക്രിസ്തീയ പഠനങ്ങളെ ആധുനിക കാലഘട്ടത്തിൽ വ്യക്തമാക്കുകയാണ്. സ്നേഹം, പ്രത്യാശ, വിശ്വാസം എന്നിവ സഭയെ നയിക്കുന്ന ആധുനിക മൂല്യങ്ങളാണെന്നുള്ള സത്യം ഓർമ്മിപ്പിക്കുകയായിരുന്നു ഈ ചാക്രികലേഖനങ്ങളിലൂടെ. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പ്രസ്തുത ഛായയും സാദൃശ്യവും പ്രകടമാക്കേണ്ടത് സ്നേഹത്തിലൂടെയാണെന്ന് ഒന്നാമത്തെ ചാക്രികലേഖനം വ്യക്തമാക്കുന്നു. ജീവിതത്തെ ലക്ഷ്യബോധത്തോടെ നയിക്കുന്ന ഘടകം പ്രതീക്ഷയാണെന്നും ധാർമ്മികതയേയും മൂല്യങ്ങളെയും സംരക്ഷിക്കുവാൻ മനുഷ്യമനസ്സുകൾക്ക് കഴിയണമെങ്കിൽ പ്രത്യാശയോടെ വർത്തിക്കണമെന്നും രണ്ടാമത്തെ ചാക്രികലേഖനം വ്യക്തമാക്കുന്നു. സാമൂഹികനീതിയെക്കുറിച്ചുള്ള സഭാപഠനത്തിന്റെ ആനുകാലിക അവതരണമാണ് മൂന്നാമത്തെ ചാക്രികലേഖനം. സമൂഹത്തിൽ നീതിയും സദാചാരവും വീണ്ടെടുക്കാൻ വിശ്വാസത്തിലധിഷ്ഠിതമായ നീതിക്കേ സാധിക്കൂവെന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

ഭാവി ജീവിതം  പ്രാർത്ഥനക്കായി സമർപ്പിച്ച ബെനഡിക്ട് പതിനാറാമൻ മാർപാപ്പക്ക് ദൈവാനുഗ്രഹം നേരാം. കൃതജ്ഞതയോടെ അദ്ദേഹത്തിന്റെ വലിയ ശുശ്രൂഷയുടെ മുമ്പിൽ ആദരവോടെ കൈകൾ കൂപ്പാം.

ഏവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട് ഈസ്റ്റർ ആശംസകളോടെ

പ്രാർത്ഥനയോടെ



ഇരിങ്ങാലക്കുട
23. 02. 2013

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ



# കച്ചേരി കാര്യങ്ങൾ

1. **മാസധ്യാനം :** മാർച്ച് 7–ന് വ്യാഴാഴ്ച രാവിലെ 10 മുതൽ 3 വരെ രൂപതാഭവനത്തിൽവച്ച് മാസധ്യാനവും ലഹരിവിമുക്തവർഷാ ചരണപരിപാടികളെക്കുറിച്ച് ചർച്ചയും ഉണ്ടാകും. എല്ലാ അച്ച ന്മാരും സമയത്തിനു തന്നെ എത്തിച്ചേരണേ.
2. **തിരുസൈത്ത് വെഞ്ചരിപ്പ് :** 2013 മാർച്ച് 25 തിങ്കളാഴ്ച രാവിലെ 10ന് കത്തീഡ്രൽ പള്ളിയിൽവച്ച് നടത്തുന്ന Chrism Mass-നോട നുബന്ധിച്ചായിരിക്കും. നമ്മുടെ രൂപതയിലെ എല്ലാ ബഹു. അച്ചന്മാരും ഈ തിരുക്കർമ്മത്തിൽ പങ്കെടുക്കണം. വി.കുർബ്ബാ നക്കുള്ള തിരുവസ്ത്രങ്ങൾ (full set) കൊണ്ടുവരുമല്ലൊ. അന്നു തന്നെ ലഹരിവിമുക്തവർഷം ഉദ്ഘാടനം ചെയ്യുന്നതാണ്.
3. **തിരുനാൾ റിപ്പോർട്ട് :** മാർച്ച് 31–നു മുമ്പ് കച്ചേരിയിൽ ഏല്പി ക്കേണ്ടതാണ്.
4. **ഇടവക വാർഷികധ്യാനം :** നോമ്പുകാലത്ത് ഫലപ്രദമായ രീതിയിൽ എല്ലാ ഇടവകകളിലും ധ്യാനം സംഘടിപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.
5. **വൈദികക്ഷേമനിധി :** കഴിഞ്ഞ വർഷത്തെ സംഖ്യ മാർച്ച് 31–നു മുൻപ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.
6. **മൗണ്ട് സെന്റ് തോമസ് വിഹിതം:** സഭാ കാര്യാലയത്തിന്റെ നടത്തിപ്പിനു വേണ്ടി സീറോമലബാർ സഭാ സിനഡിന്റെ തീരുമാ നമനുസരിച്ച് രൂപതയിലെ കത്തോലിക്കരുടെ എണ്ണമനുസരിച്ച് ആളൊന്നിന് രണ്ടു രൂപ വീതം മൗണ്ട് സെന്റ് തോമസിൽ നൽകേണ്ടതിനാൽ തെരട്ടിനോടൊപ്പം ഇടവകയിലെ അംഗങ്ങ ളുടെ എണ്ണമനുസരിച്ച് (രൂപത ഡയറക്ടറി 2012–ൽ നല്കിയി ട്ടുള്ളത്) ആളൊന്നിന് രണ്ടു രൂപ വീതം രൂപതാ കാര്യാലയ ത്തിൽ ഏല്പിക്കേണ്ടതാണ്.
7. **വിശുദ്ധ കുർബാന നൽകൽ:** ഇടവകകളിലും സ്ഥാപനങ്ങളിലും അത്യാവശ്യ സന്ദർഭങ്ങളിൽ ആവശ്യത്തിന് വൈദികരോ, കാറോയ പട്ടമെങ്കിലും സ്വീകരിച്ചിട്ടുള്ള വൈദികശുശ്രൂഷികളോ

ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ബഹു. സമർപ്പിതർ വി. കുർബാന നൽകുമ്പോൾ അതിനായി നിശ്ചയിച്ചിട്ടുള്ള തിരുവസ്ത്രം ധരിക്കേണ്ടതാണ്. സന്യാസഭവനസുപ്പീരിയർക്കും സുപ്പീരിയർ നിയോഗിക്കുന്ന നിത്യവ്രതം സ്വീകരിച്ചിട്ടുള്ള സമർപ്പിതർക്കും മാത്രമേ ഇതിന് അനുവാദമുള്ളൂ.

8 **രൂപതാകാര്യാലയ അവധി:** ഓശാന മുതൽ പുതുഞായർ വരെ രൂപതാകാര്യാലയത്തിന് അവധിയായിരിക്കും.

9 **ബഹു. ജനറാളച്ചന്മാരുടെ ഇടവക സന്ദർശനം :** ഇടവകയിലെ രജിസ്റ്ററുകളും മറ്റു രേഖകളും പരിശോധിച്ച് സീൽ ചെയ്യുവാൻ ബഹു. വികാരി ജനറാളച്ചന്മാർ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഇടവക സന്ദർശിക്കുവാൻ വരുന്നതാണ്. ദിവസവും സമയവും പിന്നീട് അറിയിക്കുന്നതാണ്.

10 **Diaconate and Minor Orders :** നമ്മുടെ രൂപതയിലെ വൈദികവിദ്യാർത്ഥികൾക്ക് മ്ശംശാന, ഹെവ്പദിയാക്ക്ന, കാറോയ പട്ടങ്ങൾ മാർച്ച് 23 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഇരിങ്ങാലക്കുട സെന്റ് പോൾസ് മൈനർ സെമിനാരിയിൽവച്ച് നൽകപ്പെടുന്നതാണ്. ഇവർക്കുവേണ്ടി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

11 **തെരട്ട് – ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

**a)** നിശ്ചിതസമയത്ത് തന്നെ രൂപതാ കാര്യാലയത്തിൽ തെരട്ട് കൊണ്ടു വരേണ്ടതാണ്. 2012–13 സാമ്പത്തികവർഷത്തിലെ audited balance sheet തെരട്ടിനോടൊപ്പം കൊണ്ടുവരണം. തെരട്ട് ഫീസ് അടയ്ക്കാൻ കാലാവധി വേണമെങ്കിൽ ആ വിവരം യോഗം പാസ്സാക്കിയതിന്റെ പകർപ്പ് സഹിതം കച്ചേരിയിൽ പ്രത്യേകം അപേക്ഷ സമർപ്പിക്കണം.

**b)** പള്ളിയുമായി ബന്ധപ്പെട്ട (തെരട്ടിൽ ഉൾപ്പെടാത്ത) കുടുംബക്ഷേമനിധി, പാരിഷ് ഹാൾ, കുറി, സ്കൂളുകൾ, ട്രസ്റ്റുകൾ, മറ്റു പ്രസ്ഥാനങ്ങൾ എന്നിവയുടെ കണക്കുകളും പള്ളി പണി, കപ്പേള പണി, മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയവയുടെ കണക്കുകളും പള്ളി തെരട്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**c)** ഫൈനാൻസ് ഓഫീസറുടെ വശം ലഭ്യമായ തെരട്ട് ഫോറം 2 കോപ്പി സഹിതം പൂരിപ്പിച്ച് കച്ചേരിയിൽ സമർപ്പിക്കുകയും തെരട്ട് പാസാക്കി യതിനുശേഷം ഒരു കോപ്പി പള്ളിയുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യണം. തെരട്ട് ഫോറത്തിലെ 1, 2, 3 എന്നീ പേജുകളും 4–ൽ III നിർബന്ധമായും പൂരിപ്പിച്ച് 2 കോപ്പി ഉൾപ്പെടെ കൊണ്ടുവരേണ്ടതാണ്

**d)** വേണ്ട തരത്തിൽ പൂരിപ്പിക്കാതെയോ, സീൽ വയ്ക്കാതെയോ ഒപ്പിടാതെയോ ഉള്ള തെരട്ട് ഫോറം, അംഗീകരിക്കുന്നതല്ല.

**e)** ദേവാലയ ശുശ്രൂഷികളുടെ കൂട്ടായ്മഫണ്ടിലേയ്ക്കുള്ള പ്രതിമാസ വിഹിതം 50 രൂപ പള്ളിയിലെ തെരട്ടോടുകൂടി രൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

**f)** തിരുനാളുകൾക്ക് നിയമാനുസരണം അനുവാദം വാങ്ങേണ്ടതാണ്. തെരട്ട് വേണ്ടവിധം സമർപ്പിക്കുകയും ഫീസടയ്ക്കുകയും തിരുനാളിനെ സംബന്ധിക്കുന്ന മറ്റു നിർദ്ദേശങ്ങൾ പാലിക്കുകയും ചെയ്താൽ മാത്രമേ ഈ അനുവാദം ലഭിക്കുകയുള്ളൂ.

**g)** **പുതിയ കൈക്കാരന്മാർ:** പുതിയ കൈക്കാരന്മാരുടെ പേരുകൾ തെരട്ട് ഫോറത്തിൽ ചേർത്തിരിക്കണം.വാർഷിക തെരട്ട് പാസ്സാക്കിയതിന് ശേഷമായിരിക്കും കൈക്കാരന്മാരുടെ മാറ്റം നടക്കുക.

**h)** രൂപത ഏല്പിച്ചിരിക്കുന്ന ഓഡിറ്റേഴ്സിനെ കൂടാതെ പുറത്ത് ഓഡിറ്റ് ചെയ്യുവാൻ താത്പര്യമുള്ളവർക്ക് അങ്ങനെ ചെയ്യാവുന്നതാണ്. ഓഡിറ്റ് സ്റ്റേറ്റ്മെന്റിന്റെ രണ്ടു കോപ്പിയും രൂപതാ കച്ചേരിയിൽ കൊണ്ടുവന്ന് ഒരു കോപ്പി രൂപതാ സീൽ വച്ച് തിരികെ കൊണ്ടുപോകാവുന്നതാണ്.

**i)** **തെരട്ടിനൊപ്പം കൊണ്ടുവരേണ്ടവ**

a) നാൾവഴി, പേരേട്, തെരട്ട് പുസ്തകം, ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട്.

b) ബാങ്ക് പാസ്സ്ബുക്ക് (31.03.2012 വരെ പതിപ്പിച്ചത്), ഡെപ്പോസിറ്റ് രശീതുകൾ, കുറി പാസ്സ്ബുക്കുകൾ, (ഡെപ്പോസിറ്റുകളുടെ പലിശ യഥാസമയം കണക്കിൽ ചേർത്തിരിക്കണം. എല്ലാ ഡെപ്പോസിറ്റുകളും ജോയിന്റായിരിക്കണം). 2013 മാർച്ച് 31–ാം തിയ്യതി ഉൾപ്പടെ വരുന്ന fixed deposits, loans and advances എന്നിവയുടെ വിശദമായ Schedule കൊണ്ടുവരേണ്ടതാണ്.

c) ബില്ലുകൾ, വൗച്ചറുകൾ

**j)** **വാർഷിക റിപ്പോർട്ട്:** കഴിഞ്ഞ വാർഷിക റിപ്പോർട്ടിന്റെ കാലം മുതൽ 31. 3. 2013 വരെയുള്ള റിപ്പോർട്ട് നിശ്ചിതഫോറത്തിൽ പൂരിപ്പിച്ച് ഒരു കോപ്പി കച്ചേരിയിൽ തെരട്ടിനോടൊപ്പം സമർപ്പിക്കുകയും ഒരു കോപ്പി പള്ളിയുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യുക.

**k)** **സംഘടനകളുടെ തെരട്ട്:** പള്ളികളുടെ കീഴിലുള്ള ട്രസ്റ്റുകൾ, ആശുപത്രികൾ, സ്ക്കൂളുകൾ മുതലായ വിവിധ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും കണക്കുവിവരം കൃത്യമായി എഴുതി

തെരട്ടാക്കി വികാരിക്ക് സമർപ്പിക്കണം. സ്കൂൾ കണക്കിന്റെ ബാലൻസ് ഷീറ്റ് നിർദ്ദിഷ്ടഫോറത്തിൽ പൂരിപ്പിച്ച് കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ഓഫീസിൽ സമർപ്പിച്ചതിന്റെ കോപ്പി തെരട്ടിനൊപ്പം കൊണ്ടുവരേണ്ടതാണ്. സ്ഥാപനങ്ങൾക്കും സംഘടനകൾക്കും വേണ്ടിയുള്ള ഫോറം ഈ ആവശ്യത്തിന് ഉപയോഗിക്കുന്നത് നന്നായിരിക്കും (ഫോറം രൂപതാഭവന ത്തിൽനിന്ന് ലഭിക്കും). ഏതെങ്കിലും സംഘടനയോ, സ്ഥാപ നമോ കണക്കുകൾ വികാരിക്ക് സമർപ്പിക്കുന്നില്ലെങ്കിൽ വിവരം രൂപതാ ഡയറക്ടർ, ഫൊറോന ഡയറക്ടർ, രൂപതകച്ചേരി എന്നി വരെ അറിയിക്കുകയും വീണ്ടും നിശ്ചിത തിയ്യതിക്കകം സമർപ്പി ക്കുന്നില്ലായെങ്കിൽ രൂപത ഡയറക്ടറുടെയും രൂപത കച്ചേരിയു ടെയും നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ സംഘടനയുടെ/ സ്ഥാപനത്തിന്റെ പ്രവർത്തനം മരവിപ്പിക്കുകയോ, നിറുത്തലാ ക്കുകയോ ചെയ്യാവുന്നതാണ്. ഈ വിവരങ്ങൾ ബഹു. വികാരി മാർ/ ഡയറക്ടർമാർ ബന്ധപ്പെട്ടവരെ അറിയിക്കുകയും വേണം. കണക്കുകൾ സമർപ്പിക്കുന്നതിന് മുമ്പായി അവ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വായിച്ച് പാസ്സാക്കിയിരിക്കണം. അഡ്വൈസറി ബോർഡ്, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയുടെ യോഗപു സ്തകം, റിപ്പോർട്ട് പുസ്തകം എന്നിവ തദവസരത്തിൽ കച്ചേരി യിൽ സമർപ്പിച്ച് സീൽ ചെയ്ത് കൊണ്ടുപോകേണ്ടതാണ്.

രൂപതാ കാര്യാലയം **മോൺ. ജോസ് ഇരിമ്പൻ**
25. 02. 2013 വികാരി ജനറാൾ

---

## പ്രത്യാശ

**കൗൺസലിങ്ങ് :** തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിൽ ഉച്ചതിരിഞ്ഞ് 2.30 മുതൽ 4.30 വരെ വിദ്യാജ്യോ തിയിലെ പ്രത്യാശ കൗൺസലിങ്ങ് സെന്ററിൽ കൗൺസലി ങ്ങിന് സൗകര്യമുണ്ടായിരിക്കും. ജീവിത പ്രശ്നങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ ലഭിക്കാൻ ഇവിടെ സന്ദർശിക്കുക.

**Training for Volunteers of Crisis Intervention**

2013 ഫെബ്രുവരി 16, 17, 24 തിയ്യതികളിൽ കൗൺസലി ങ്ങിന് വരുന്ന വളണ്ടിയേഴ്സിന് വേണ്ടി വിദ്യാജ്യോതി യിൽവെച്ച് പരിശീലനം നൽകുന്നു. ബ്രിഗേഡിയർ ഡോ. ജോർജ്ജ് എം.എ, ഡോ. ജോ ജോർജ്ജ്, പറവൂരിലെ പ്രതീക്ഷ കൗൺസലിംഗ് സെന്റർ ഡയറക്ടർ ശ്രീ. വി.കെ. ശ്രീനിവാ സനും ടീമംഗങ്ങളും ക്ലാസ്സുകൾക്ക് നേതൃത്വം കൊടുക്കുന്നു.

**ഫാ. ആന്റോ കരിപ്പായി,** ഡയറക്ടർ

237/13
22.02.2013

# ഇടയലേഖനം

*ദൈവകൃപയാലും പരി. സിംഹാസനത്തിൻ അനുഗ്രഹത്താലും ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ, രൂപതയിലെ ബഹു. വികാരിയച്ചന്മാർക്കും മറ്റു വൈദികർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾക്കും ആശിർവ്വാദം.*

യേശുവിൽ പ്രിയ ബഹു. വൈദികരെ, സന്യാസിനീസന്യാസികളെ, പ്രിയ മക്കളെ,

ക്രിസ്തീയ ജീവിതത്തിന്റെ വിശ്വാസവും പ്രത്യാശയുമായിരിക്കുന്ന ഉത്ഥാനമെന്ന മഹാരഹസ്യം നാം ആഘോഷിക്കുകയാണ്. വി. ലിഖിതങ്ങളിൽ പറയപ്പെട്ടതുപോലെ നസ്രായനായ ക്രിസ്തു ക്രൂശിക്കപ്പെട്ട് മൂന്നാം ദിനം മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റുവെന്ന മഹാരഹസ്യത്തെ അനുസ്മരിക്കുന്ന വിശിഷ്ടമായ ആഘോഷമാണിത്. "ജീവിച്ചിരിക്കുന്നവനെ നിങ്ങൾ എന്തിന് മരിച്ചവരുടെയിടയിൽ അന്വേഷിക്കുന്നു? അവൻ ഇവിടെയില്ല, അവൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു" (ലൂക്ക 24:5-6) എന്ന ദൂതന്റെ വചനം അതിശയത്തോടെയും അതിലുപരി ഒരു പുതിയ വികാരത്തോടെയുമാണ് ഓരോ ഉത്ഥാന തിരുനാളിനും നാം ശ്രവിക്കുന്നത്. യേശുവിന്റെ കുരിശുമരണം ശിഷ്യന്മാരുടെ മനസ്സ് തകർക്കുകയും ശരീരത്തെ തളർത്തുകയും അവരെ പരസ്പരം ചിതറിച്ചു കളയുകയും ചെയ്തു.അതിലുപരിയായി ശൂന്യമായ കല്ലറ അവരെ അസ്വസ്ഥരാക്കുകയും ആശങ്കയിലാഴ്ത്തുകയും ചെയ്തു. അപ്രതീക്ഷിതമായ ഈ സാഹചര്യത്തിലാണ് യേശു വന്ന് അവരുടെ മധ്യേ നിന്നുകൊണ്ട് "നിങ്ങൾക്ക് സമാധാനം" എന്ന് പറഞ്ഞത് (യോഹ. 20:19). സംശയത്തിന്റെയും അസ്വസ്ഥതയുടെയും നിഴലിൽ കഴിഞ്ഞ തോമാശ്ലീഹായ്ക്കുപോലും എട്ടു ദിവസങ്ങൾക്കുശേഷം അവൻ പ്രത്യക്ഷപ്പെട്ടുകൊണ്ടു പറഞ്ഞു "തോമാസേ നിന്റെ വിരൽ ഇവിടെ കൊണ്ടു വരിക. എന്റെ കൈകൾ കാണുക, നിന്റെ കൈനീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക, അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക" (യോഹ. 20:27-28).

ഭയത്തിലും, ആശങ്കയിലും, അസ്വസ്ഥതയിലും കഴിയുന്ന നമുക്ക് പുതിയ ഉൾക്കാഴ്ചയോടും നവ്യമായ ബോധ്യത്തോടുംകൂടെ ഏറ്റു പറയുവാൻ സാധിക്കേണ്ട യാഥാർത്ഥ്യമാണ് നമുക്ക്‌വേണ്ടി സഹിച്ച് മരിച്ച് ഉത്ഥാനം ചെയ്ത കർത്താവിലുള്ള വിശ്വാസം. തോമാശ്ലീഹായെപ്പോലെ നമുക്കും തീക്ഷ്ണതയോടെ "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന് ഉദ്ഘോഷണം ചെയ്യാം. പ്രകൃതി ദുരിതങ്ങൾ, മാനുഷിക ദുരന്തങ്ങൾ, പട്ടിണി, മാറാരോഗങ്ങൾ, തീവ്രവാദം, ചൂഷണം, അനീ

തി, ശാരീരിക പീഡനങ്ങൾ ജീവഹാനി, യുദ്ധം, കലഹം, മാത്സര്യം ഇവയൊക്കെ മനുഷ്യസമൂഹത്തെ അസ്വസ്ഥതപ്പെടുത്തുന്ന വിപരീതാത്മക സാഹചര്യങ്ങളാണ്. ക്രിസ്തുവിന്റെ സഹനത്താൽ അവന്റെ ഉത്ഥാനത്താൽ നാം ഇതിൽ നിന്നെല്ലാം മോചിക്കപ്പെട്ടിരിക്കുന്നുവെന്ന് ഉറച്ച ബോധ്യത്തോടെ ഏറ്റുപറയുമ്പോഴാണ് നമ്മുടെ വിശ്വാസം യാഥാർത്ഥ്യമാകുന്നതും ദീപ്തമാകുന്നതും. എല്ലാ മരണകരമായ സാചര്യങ്ങളിൽനിന്നും ഉയിർത്തെഴുന്നേൽക്കുവാൻ സാധിക്കുമെന്ന് ജീവിതംകൊണ്ട് പഠിപ്പിച്ച ഒരു നല്ല തമ്പുരാൻ നമുക്കുണ്ടെന്ന വലിയ പ്രതീക്ഷ നമ്മെ നയിക്കണം. അവനിലാണ് നമ്മുടെ വിശ്വാസം. അവനിലാണ് നമ്മുടെ ആശ്രയം. എസെക്കിയേൽ പ്രവാചകന്റെ ശബ്ദത്തിന് ഈ തിരുവുത്ഥാന നാളിൽ അനന്യമായ മൂല്യമുണ്ടെന്ന് നാം മനസ്സിലാക്കണം. കാരണം സ്രഷ്ടാവായ ദൈവത്തിന്റെ വാഗ്ദാനം പൂർത്തീകരിക്കപ്പെടുകയാണ് ഈ പുണ്യദിനത്തിൽ. “ആകയാൽ അവരോട് പ്രവചിക്കുക : ദൈവമായ കർത്താവ് അരുളിചെയ്യുന്നു “എന്റെ ജനമേ, ഞാൻ കല്ലറകൾ തുറന്ന് നിങ്ങളെ ഉയർത്തും. ഇസ്രായേൽ ദേശത്തേക്ക് ഞാൻ നിങ്ങളെ തിരികെ കൊണ്ടു വരും” (എസെ. 37:12). ആകുലതയുടെയും ആശങ്കകളുടെയും ഈ ലോകത്ത് നമ്മുടെ ജീവിതത്തെയും മനുഷ്യരുടെ ചരിത്രത്തെ തന്നെയും മാറ്റിമറിച്ച നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തെ പുതിയ മാനത്തോടെ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അറിഞ്ഞുകൊണ്ടോ അറിയാതെയോ നാം അകപ്പെട്ടിരിക്കുന്ന സഹനത്തിനുള്ള ഉത്തരമാണ് അവന്റെ ഉത്ഥാനം.

“ക്രിസ്തുവിന്റെ ഉത്ഥാനം ഒരു ദർശനത്തിന്റെയോ അതീന്ദ്രിയ ധ്യാനത്തിന്റെയോ ഫലമായിട്ടുള്ളതല്ല. ചരിത്രത്തിലെ ഒരു പ്രത്യേക നിമിഷത്തിൽ സംഭവിച്ചതും എന്നാൽ ചരിത്രത്തെ അതിജീവിച്ചതും ചരിത്രത്തിൽ മായാത്ത മുദ്ര പതിച്ചതുമായ സംഭവമാണ് ഉത്ഥാനം. സത്യത്തിന്റെയും നന്മയുടെയും ശോഭ തൂകുന്ന ദൈവിക വെളിച്ചം പരത്തുന്ന ദൈവമഹത്വത്തിന്റെ അടയാളമാണ് അവിടത്തെ ഉത്ഥാനം” (ബെനഡിക്ട് പതിനാറാമൻ). വേദനാജനകമായ ദാരിദ്ര്യവും, രോഗവും, യുദ്ധവും അക്രമവും മനുഷ്യനെ അലട്ടുമ്പോൾ അതിൽനിന്നും മോചിക്കുവാൻ കഴിവുള്ളവനാണ് ഉത്ഥാനം ചെയ്ത തമ്പുരാൻ എന്ന ബോധ്യം നമ്മെ നയിക്കട്ടെ.

പ്രത്യാശയുടെ തിരുനാളാണ് ഈസ്റ്റർ. നമ്മുടെ ഇപ്പോഴുള്ള ജീവിതത്തിനും വരാനിരിക്കുന്ന ജീവിതത്തിനും പ്രതീക്ഷ നൽകുന്നതാണ് ക്രിസ്തുവിന്റെ ഉത്ഥാനം. എല്ലാ തിന്മകളെയും, ദുഃഖകരമായിട്ടുള്ളവയെയും ക്രമമല്ലാത്തതിനെയും നിർഭയമായും ധൈര്യപൂർവ്വമായും ദൂരീകരിച്ചുകൊണ്ടു ജീവിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന അനുഭവമാണ് ഈ തിരുനാൾ. മുൻവിധികളില്ലാതെ നിരാശപ്പെടാതെ തമ്പുരാനിൽ ആശ്രയിക്കുന്ന പ്രത്യാശയുടെ ജീവിതമാണ് ഉത്ഥാനജീവിതം.

സമാധാനത്തിന്റെ തിരുനാളാണ് ഈസ്റ്റർ. നമുക്ക് സുരക്ഷിതത്വം പ്രദാനം ചെയ്യുന്ന, നമ്മെ എല്ലാ ഭയങ്ങളിൽ നിന്നു മോചിപ്പിക്കുന്ന വ്യക്തിപരമായ അനുഭവമാണ് ഈ സമാധാനം. ഉത്ഥിതന്റെ സ്നേഹ സമ്മാനമാണ് സമാധാനം. അപകടങ്ങൾ, കുറ്റകൃത്യങ്ങൾ, അത്യാഹിതങ്ങൾ, കൂട്ടകുരുതികൾ ഇതാണ് നമ്മുടെ കാലഘട്ടത്തിന്റെ മുഖമുദ്ര. ആഭ്യന്തര കലാപങ്ങൾ, പാരിസ്ഥിതിക പാതകങ്ങൾ, ചെറുതും വലുതുമായ ഹിംസകൾ നമ്മുടെ ലോകത്തെ കാർന്നു തിന്നുകയാണ്. ഉത്ഥിതന്റെ സമാധാനം മനസ്സിൽ അനുഭവിക്കുന്നവർക്ക് മാത്രമേ മറ്റുള്ളവർക്ക് ശാന്തി പ്രദാനം ചെയ്യാൻ സാധിക്കുകയുള്ളൂ. ഭയരഹിതമായ സ്നേഹമുള്ള ഒരാകാശത്തിനു കീഴിൽ സമാധാനത്തോടെ ഉറങ്ങാനും ജീവിക്കാനും എല്ലാവർക്കും അവകാശമുണ്ടെന്നുള്ള യാഥാർത്ഥ്യം ക്രിസ്തുവിന്റെ സമാധാനം നമ്മുടെ ഹൃദയങ്ങളിൽ അനുഭവിക്കുമ്പോൾ മാത്രമേ സംജാതമാകുകയുള്ളൂ.

നമുക്ക് ശക്തിയും സ്ഥൈര്യവും പകരുന്ന തിരുനാളാണ് ഈസ്റ്റർ. “ഉത്ഥിതന്റെ ശക്തിയും ഉത്ഥാനത്തിന്റെ അനുഭവവും നമ്മൾ തിരിച്ചറിയുന്നത് അവനെ അനുഗമിച്ചവരിലൂടെയാണ്. നിരാശരും നിരാലംബരും നിഷ്കാസിതരുമായ അവന്റെ ശിഷ്യന്മാർ അവന്റെ പ്രഘോഷകരും പ്രവാചകരും അവനുവേണ്ടി ജീവൻ ബലികഴിക്കാൻ പോലും തയ്യാറായ വ്യക്തിത്വങ്ങളായിത്തീർന്നു. നമ്മുടെ ജീവിതത്തിന്റെ കേന്ദ്രം ഈ മഹിതമായ അനുഭവമാകണം. നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തുന്ന നമ്മെ ഏതു പ്രതിസന്ധികളിലും ശക്തിപ്പെടുത്തുന്ന അനുഭവമായിരിക്കണം ഉത്ഥാനാനുഭവം”.

സ്നേഹമുള്ളവരേ, കത്തോലിക്കാസഭ പുനരുത്ഥാനരഹസ്യം വഴി നമ്മെ പഠിപ്പിക്കുന്ന ആഴമേറിയ രണ്ട് ബോധ്യങ്ങളുണ്ട്. ഒന്നാമതായി : കർത്താവിന്റെ പുനരുത്ഥാനംവഴി പുതിയൊരു ജീവിതത്തിലേക്കുള്ള മാർഗ്ഗം നമുക്കായി തുറന്നു തന്നു. ഇതു നമ്മെ വരപ്രസാദത്തിൽ പുനഃപ്രതിഷ്ഠിക്കുന്ന നീതീകരണമാണ്. പാപഫലമായ മരണത്തിന്മേലുള്ള വിജയത്തിലും ദൈവകൃപയിലുമുള്ള പങ്കുചേരലിലുമാണ് നീതീകരണമടങ്ങിയിരിക്കുന്നത്.

രണ്ടാമതായി : ഭാവിയിലുള്ള നമ്മുടെ പുനരുത്ഥാനത്തിന്റെ മൂലകാരണവും ഉറവിടവും ക്രിസ്തുവിന്റെ പുനരുത്ഥാനമാണ്. “നിദ്ര പ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായ ക്രിസ്തു മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റു. ആദത്തിൽ എല്ലാവരും മരണാധീനരായതുപോലെ ക്രിസ്തുവിൽ എല്ലാവരും പുനർജ്ജീവിക്കും” (1 കോറി 15:20–22). (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 654–655).

ദീർഘനാളത്തെ നോമ്പിന്റെ ത്യാഗവും പീഡാനുഭവവാരത്തിന്റെ സഹനാനുഭവവുമായി വീണ്ടും ഒരു പ്രത്യാശയുടെ ഈസ്റ്റർ നമ്മെ സമീപിച്ചിരിക്കുകയാണ്. ഈ പ്രതീക്ഷയുടെ ആഘോഷ

ത്തിൽ നാം പങ്കു ചേരുമ്പോൾ ചില പ്രായോഗികമായ തീരുമാന ങ്ങൾ കൈകൊള്ളുവാൻ നമുക്ക് സാധിക്കണം.

1. മറ്റുള്ളവരുടെ ജീവനെ ഹനിക്കുന്ന മുറിപ്പെടുത്തുന്ന ഒന്നും തന്നെ നമ്മുടെ ജീവിതത്തിൽ ഉണ്ടാകാതിരിക്കാൻ പരിശ്രമിക്കാം. കാരുണ്യ വധം, ഭ്രൂണഹത്യ, ആത്മഹത്യ, കൊലപാതകം എന്നീ തിന്മകളോട് സന്ധിയില്ലാസമരം പ്രഖ്യാപിക്കുവാൻ നമുക്ക് സാധിക്കട്ടെ.
2. പ്രാർത്ഥനയിലൂടെയും പ്രായശ്ചിത്തത്തിലൂടെയും ദാനധർമ്മത്തിലൂ ടെയും ചരിച്ച നാം വിശ്വാസത്തിന് വിപരീതമായി യാതൊന്നും പറ യുകയോ പ്രവൃത്തിക്കുകയോ ചെയ്യുകയില്ലെന്ന് പ്രതിജ്ഞയെടുക്കാം.
3 വിശ്വാസത്തിന്റെ മഹാരഹസ്യമായ വി. കുർബ്ബാനയിൽ സാധിക്കു ന്നിടത്തോളം എല്ലാ ദിവസവും പങ്കുചേരുന്നതിനും വി. ബലി എന്റെ ജീവിതത്തിന്റെ ആഴമേറിയ കരുത്താണെന്ന ബോധ്യത്തിലേക്ക് വളരുന്നതിനും പരിശ്രമിക്കാം.
4. മദ്യപാനം എന്ന മഹാവിപത്ത് എന്നെയും മറ്റുള്ളവരെയും സമൂഹ ത്തെ ഒന്നടങ്കവും നശിപ്പിക്കുമെന്നുള്ള സത്യം മനസ്സിലാക്കി ആ തിന്മ യിൽനിന്ന് ഒഴിഞ്ഞുമാറി ജീവിക്കാനുള്ള പരിശ്രമം നമ്മുടെ ഭാഗത്തു നിന്നുണ്ടാകട്ടെ.
5. നാം ജീവിക്കുന്ന ഈ സുന്ദര പ്രപഞ്ചത്തെ മലിനമാക്കാതിരിക്കാൻ നമുക്ക് പരിശ്രമിക്കാം. ഞാൻ ജീവിക്കുന്ന ഞാൻ ഇടപെടുന്ന സാഹ ചര്യങ്ങളിൽ ഞാൻ കണ്ടുമുട്ടുന്ന വ്യക്തികളിൽ ദൈവത്തിന്റെ ഛായയും സാദൃശ്യവും മനസ്സിലാക്കി അവരെ ആദരപൂർവ്വം സ്നേഹി ക്കുവാനും സ്നേഹപൂർവ്വം ആദരിക്കുവാനുള്ള വിശുദ്ധ മനോഭാവം നമുക്കുണ്ടാകട്ടെ.
6. ത്രിയേക ദൈവത്തിലും കത്തോലിക്കാസഭയിലുള്ള വിശ്വാസം ഏറ്റു പറയുന്നതിനും വിശ്വാസത്തെ ദീപ്തമാക്കുന്ന സഭയുടെ പഠനങ്ങൾ (കത്തോലിക്കാസഭയുടെ മതഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാ ണരേഖകൾ) മനസ്സിലാക്കുവാനും പരിശ്രമിക്കാം.
7. ദൈവവചനത്തോടൊപ്പം സഭയുടെ വിശുദ്ധ പാരമ്പര്യങ്ങളെ വിലമ തിച്ചുകൊണ്ടുള്ള ഒരു സഭാത്മക ജീവിതം നയിക്കുവാൻ നമുക്ക് സാധിക്കട്ടെ.

ഉത്ഥിതനായ മിശിഹാ നിങ്ങളെ അനുഗ്രഹിക്കട്ടെ.

+ Pauly Kannookadan

ഇരിങ്ങാലക്കുട — **മാർ പോളി കണ്ണൂക്കാടൻ**
19. 02. 2013 — ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

NB:-ഈ ഇടയലേഖനം മാർച്ച് 31 ഞായറാഴ്ച ദിവ്യബലി അർപ്പി ക്കപ്പെടുന്ന എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# വിജ്ഞാപനം

*സീറോ മലബാർസഭയുടെ മേജർ ആർച്ച് ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.*

*മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,*

പരിശുദ്ധ പിതാവ് ബെനഡിക്റ്റ് 16-ാമൻ പാപ്പയുടെ സ്ഥാനത്യാഗം മൂലം തിരുസഭയിൽ പുതിയൊരു സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണ്. പത്രോസിന്റെ സിംഹാസനത്തിൽ നിന്നുള്ള അദ്ദേഹത്തിന്റെ വിരമിക്കൽ ഇതിനകം സഭാമക്കൾ മനഃക്ലേശത്തോടെയാണെങ്കിലും സ്വാഗതം ചെയ്തുകഴിഞ്ഞു. യുഗപ്രഭാവനായ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ കാലശേഷം, അപ്പസ്തോലിക ശുശ്രൂഷ ആരംഭിച്ച ബെനഡിക്റ്റ് 16-ാമൻ പാപ്പ, കഴിഞ്ഞ എട്ടുവർഷത്തോളം സഭാനൗകയെ സുരക്ഷിതമായി മുന്നോട്ടു നയിക്കുകയായിരുന്നു. പുതിയ ആഭിമുഖ്യങ്ങളും ദർശനങ്ങളും സഭയ്ക്കും ലോകത്തിനും നല്കി, ഈ ഹ്രസ്വകാല ശുശ്രൂഷ കൊണ്ടുതന്നെ അദ്ദേഹം ഭാഗ്യസ്മരണാർഹനായ ജോൺപോൾ രണ്ടാമൻ പാപ്പയ്ക്ക് തികച്ചും ഉചിതനായ പിൻഗാമിയായിത്തീർന്നു.

ക്രിസ്തുവിനെയും സഭയെയും സ്വന്തമാക്കിയ സഭാതലവനായിരുന്നു ബെനഡിക്റ്റ് പാപ്പ. നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായെക്കുറിച്ചുള്ള ദർശനം അതിന്റെ സമഗ്രതയിൽ സഭാമക്കളെ പഠിപ്പിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. പാപ്പാ സ്ഥാനത്തിന്റെ തിരക്കുകൾക്കിടയിലും, തന്റെ ബൈബിൾ പാണ്ഡിത്യവും ദൈവശാസ്ത്രജ്ഞാനവും ഉപയോഗപ്പെടുത്തി, നസ്രത്തിലെ ഈശോ എന്ന മൂന്നു വാല്യമുള്ള ബൃഹദ്ഗ്രന്ഥം എഴുതാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് ഈ അടിസ്ഥാനചിന്തയാണ്. ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ദൗത്യത്തെക്കുറിച്ചും ആ ദൗത്യത്തിനു ശുശ്രൂഷ ചെയ്യുന്ന മെത്രാന്മാർ, വൈദികർ, സന്യസ്തർ, അൽമായ പ്രേഷിതർ, യുവജനങ്ങൾ എന്നിവർക്കുണ്ടായിരിക്കേണ്ട ദർശനങ്ങളെക്കുറിച്ചും പ്രബോധനങ്ങൾ നൽകുന്നതിൽനിന്ന് അദ്ദേഹം ഒരിക്കലും വിരമിച്ചിട്ടില്ല.

കാലഘട്ടത്തിന്റെ വെല്ലുവിളികളെ സത്യസന്ധതയോടും പ്രതിബദ്ധതയോടും കൂടിയാണ് ബെനഡിക്ട് പാപ്പ നേരിട്ടുകൊണ്ടിരുന്നത്. സഭയുടെ നവീകരണത്തിനും ലോകവുമായുള്ള സംവാദത്തിനും രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖകളെയാണ് അദ്ദേഹം മാർഗ്ഗദർശകമാക്കിയത്. കൗൺസിൽ പ്രബോധനങ്ങൾ വെറുമൊരു ക്രൈസ്തവ ഹ്യൂമനിസം മാത്രമായി ചുരുക്കേണ്ടതല്ലെന്ന് മനസ്സിലാക്കി അതിൽ അന്തഃസ്ഥിതമായിരിക്കുന്ന ക്രൈസ്തവ വിശ്വാസദർശനത്തെ വെളിച്ചത്തു കൊണ്ടുവരുന്നതിനും അത് വിശ്വാസികളുടെ സാധാരണജീവിതത്തിൽ അനുഭവ വേദ്യമാക്കുന്നതിനും ബെനഡിക്റ്റ് പാപ്പ ഇക്കാലമത്രയും അക്ഷീണം യത്നിച്ചു.

പരി. കുർബാനയെക്കുറിച്ചും ദൈവവചനത്തെക്കുറിച്ചും നടന്ന അവസാന രണ്ടു സിനഡുകളിലൂടെ, വചനവും കൂദാശയും തമ്മിലുള്ള പരസ്പരപൂരക സ്വഭാവത്തെയും സഭാഗാത്രത്തോടു സഗാഢം ഒന്നിച്ചിരിക്കുന്ന ക്രിസ്തുദർശനത്തെയും അദ്ദേഹം സഭാമക്കൾക്ക് വരച്ചുകാട്ടി. ലോകമാസകലം, പ്രത്യേകിച്ച് യൂറോപ്പിൽ, ക്രിസ്തുവിന്റെ സുവിശേഷം വർദ്ധിച്ച പ്രേഷിത തീക്ഷ്ണതയോടും നവീന അജപാലന മാർഗ്ഗങ്ങളോടും അവതരണ ശൈലികളോടുംകൂടി സഭയിൽ പ്രാവർത്തികമാക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. വിശ്വാസ പരിശീലന മേഖലയിലെ നൂതനാഭിമുഖ്യങ്ങൾക്ക് ആക്കംകൂട്ടാൻ നവസുവിശേഷവത്കരണത്തിനുള്ള പൊന്തിഫിക്കൽ കൗൺസിൽ എന്ന പുതിയ കാര്യാലയം തന്നെ പാപ്പ സ്ഥാപിച്ചു.

പ്രായാധിക്യം മൂലമുള്ള പ്രയാസങ്ങൾ ഉണ്ടായിരുന്നുവെങ്കിലും തികച്ചും ഫലവത്തും സുശക്തവുമായ നേതൃത്വമാണ് ബെനഡിക്റ്റ് 16-ാമൻ പാപ്പ സഭയ്ക്ക് നൽകിയത്. സഭാമക്കൾ മാത്രമല്ല ലോകം മുഴുവനും ഇത് അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇനി ആശ്രമ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന പിതാവ് തന്റെ പ്രാർത്ഥനയും സഹനവുംവഴി സഭാദൗത്യത്തിൽ നമ്മോടുകൂടി എപ്പോഴും ഉണ്ടാവും. പരി. പിതാവിനോടുള്ള കൃതജ്ഞത നമുക്കു ഹൃദയത്തിൽ സൂക്ഷിക്കാം. നമ്മുടെ പ്രാർത്ഥനകളിൽ അദ്ദേഹത്തെ അനുസ്മരിക്കാം. ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പയിലൂടെ ദൈവം നമുക്ക് നൽകിയ ദാനങ്ങളെക്കുറിച്ച് കൃതജ്ഞത അർപ്പിക്കുന്നതിനായി സി.ബി.സി.ഐ. പ്രസിഡന്റ് കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസിന്റെ നിർദ്ദേശപ്രകാരം ഫെബ്രുവരി 22-ാം തിയതി പ്രാർത്ഥനാദിനമായി നമ്മുടെ രൂപതകളിലെല്ലാം ആചരിച്ചു കാണുമല്ലോ. അന്ന്

അതിന് സാധിക്കാത്തവർ മറ്റേതെങ്കിലും സൗകര്യപ്രദമായ ദിവസം പ്രാർത്ഥനാദിനം ആചരിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു.

ഫെബ്രുവരി 28-ാം തിയതി റോമൻ സമയം വൈകുന്നേരം 8.00 മണിയോടെയാണ് പരിശുദ്ധ പിതാവിന്റെ സ്ഥാനത്യാഗം ഫലത്തിൽ വരുന്നത്. അത് ഇന്ത്യൻ സമയം മാർച്ച് ഒന്നാം തിയതി അർദ്ധരാത്രി കഴിഞ്ഞായിരിക്കും. അന്നുമുതൽ പുതിയ മാർപ്പാപ്പയെ തിരഞ്ഞെടുക്കുന്നതുവരെ കുർബ്ബാനകളിലും മറ്റ് ആരാധനാ കർമ്മങ്ങളിലുമുള്ള അനുസ്മരണങ്ങളിൽ പരിശുദ്ധ പിതാവിനുവേണ്ടി പേരു പറഞ്ഞ് പ്രാർത്ഥിക്കുന്ന ഭാഗം ഉപേക്ഷിച്ചുകൊണ്ട് മേജർ ആർച്ച് ബിഷപ്പിനും മറ്റുരൂപതാദ്ധ്യക്ഷന്മാർക്കും വേണ്ടി പ്രാർത്ഥിച്ചാൽ മതിയെന്ന് വത്തിക്കാനിൽ നിന്നുള്ള അറിയിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട് എന്ന കാര്യം എല്ലാവരുടെയും ശ്രദ്ധയിൽ പെടുത്തുന്നു.

അടുത്ത മാർപാപ്പയുടെ തെരഞ്ഞെടുപ്പ് സഭയെ സംബന്ധിച്ചിടത്തോളം പ്രാധാന്യമർഹിക്കുന്ന വലിയ സംഭവമാണല്ലോ. അതിനായുള്ള ഒരുക്കങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ഏറ്റം പ്രധാനപ്പെട്ട ഒരുക്കം പ്രാർത്ഥന വഴിയാണ് നടക്കേണ്ടത്. കർദ്ദിനാളന്മാരുടെ സംഘം കോൺക്ലേവായി കൂടുമ്പോൾ പരിശുദ്ധാത്മാവിന്റെ പ്രചോദനവും മാർഗ്ഗനിർദ്ദേശവും അവർക്കു ലഭിക്കുന്നതിനുവേണ്ടി തീക്ഷ്ണതയോടെ പ്രാർത്ഥിക്കേണ്ട സമയമാണിത്. സീറോ-മലബാർ സഭയിലെ എല്ലാ രൂപതകളിലും ഇതിനായുള്ള പ്രത്യേകപ്രാർത്ഥന നടത്തേണ്ടതാണ്. അതിനു സഹായകമായ ഒരു പ്രാർത്ഥന ഏവർക്കും ലഭ്യമാക്കുന്നതാണ്. കോൺക്ലേവിന്റെ ദിവസങ്ങൾ സഭ മുഴുവന്റെയും പ്രാർത്ഥനയുടെ ദിവസങ്ങളായിരിക്കട്ടെ. പരിശുദ്ധാത്മാവിനെ കാത്തിരുന്ന ശ്ലീഹന്മാരെപോലെ പരി. അമ്മയോടൊപ്പം നമുക്കെല്ലാം തീക്ഷ്ണതയോടെ ഈ ദിവസങ്ങളിൽ പ്രാർത്ഥനാനിരതരായിരിക്കാം.

പുതിയ മാർപ്പാപ്പയുടെ തിരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള അറിയിപ്പ് ലഭിച്ചാലുടൻ നമ്മുടെ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും ആഹ്ലാദസൂചകമായി കുറച്ചു സമയത്തേക്ക് കൂട്ടമണി അടിക്കേണ്ടതാണ്. അതിനടുത്തുവരുന്ന ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും കൃതജ്ഞതാബലി അർപ്പിക്കുകയും വേണം. പരിശുദ്ധ പിതാവിന്റെ വിടവാങ്ങൽ കർമ്മങ്ങളിൽ സംബന്ധിക്കുന്നതിനും കോൺക്ലേവിൽ ചേരുന്നതിനുമായി ഫെബ്രുവരി 25-ാം തീയതി ഞാൻ റോമിലേക്കു പോവുകയാണ്. പുതിയ മാർപാപ്പയുടെ

തിരഞ്ഞെടുപ്പിനുശേഷം വലിയ ആഴ്ച്ചയ്ക്കു മുൻപായി നാട്ടിൽ തിരിച്ചെത്താമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഈ കാലഘട്ടത്തിൽ സഭാനൗകയെ നയിക്കുവാൻ തികച്ചും യോഗ്യനായ വ്യക്തിയെ, പരിശുദ്ധാത്മാവിന്റെ നിവേശനത്തിനു വിധേയരായി തെരഞ്ഞെടുക്കുവാൻ കർദ്ദിനാൾ സംഘത്തിനു സാധിക്കുന്നതിനായി സർവ്വശക്തനായ ദൈവത്തോടു നമുക്കു പ്രാർത്ഥിക്കാം.

ഈ നോമ്പുകാലം നിങ്ങൾക്കെല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞതായിരിക്കട്ടെ!

ഈശോയിൽ സ്നേഹപൂർവ്വം,

**കാർഡിനൽ ജോർജ്ജ് ആലഞ്ചേരി**
**സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്**

N.B: ഈ വിജ്ഞാപനം മാർച്ച് 10-ാം തിയതി ഞായറാഴ്ച കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

## പരിശുദ്ധ പിതാവിന്റെ തിരഞ്ഞെടുപ്പിനായുള്ള പ്രാർത്ഥന

ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ അജഗണത്തെ നയിക്കുന്നതിന് അങ്ങയുടെ തിരുമനസ്സിന് ഇണങ്ങിയ അജപാലകരെ അങ്ങ് ഞങ്ങൾക്ക് നല്കുന്നുവല്ലോ. പത്രോസിന്റെ പിൻഗാമിയായ പുതിയ മാർപാപ്പായെ തിരഞ്ഞെടുക്കാൻ കൂടുന്ന കോൺക്ലേവിലെ എല്ലാ കർദ്ദിനാൾ മാരെയും പരിശുദ്ധാത്മാവിന്റെ ചൈതന്യത്താൽ നിറയ്ക്കണമേ. അങ്ങയുടെ തിരുമനസ്സിന് വിധേയരായി ക്രിസ്തുവിന്റെ വികാരിയായ മാർപാപ്പായെ തിരഞ്ഞെടുക്കാൻ അവരെ അങ്ങ് ഒരുക്കണമേ. ആധുനികലോകം ഉയർത്തുന്ന വെല്ലുവിളികളെ മനസ്സിലാക്കി സാർവത്രികസഭയെ നയിക്കുന്നതിനും പരിപാലിക്കുന്നതിനും യോഗ്യനായ അജപാലക ശ്രേഷ്ഠനെ മാർപാപ്പായായി ഞങ്ങൾക്കു നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും ആമേൻ.

251/13
25.02.2013

# സർക്കുലർ

*സ്നേഹ ബഹു. വൈദികരേ, സന്യസ്തരെ, സഹോദരീ സഹോദരന്മാരേ,*

പരിശുദ്ധ പിതാവ് ബെനഡിക്റ്റ് 16–ാമൻ പാപ്പയുടെ സ്ഥാന ത്യാഗവും പുതിയ മാർപാപ്പയുടെ തെരഞ്ഞെടുപ്പും നടക്കുന്ന ഈ അവസരത്തിൽ മേജർ ആർച്ചുബിഷപ്പിന്റെയും സി.ബി.സി.ഐ., കെ.സി.ബി.സി അധ്യക്ഷന്മാരുടെയും നിർദ്ദേശപ്രകാരം നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും താഴെ പറയുന്ന വിധത്തിൽ പ്രാർത്ഥനയും വി. കുർബാനയും നടത്തുവാൻ അഭ്യർത്ഥിക്കുന്നു.

1. ഫെബ്രുവരി 22–ാം തിയ്യതിയോ മറ്റേതെങ്കിലും സൗകര്യപ്രദ മായ ദിവസമോ പ്രാർത്ഥനാദിനമായി ആചരിക്കുക.
2. മാർച്ച് 1 മുതൽ പുതിയ പാപ്പയെ തെരഞ്ഞെടുക്കുന്നതുവരെ നൽകപ്പെട്ടിരിക്കുന്ന പ്രത്യേക പ്രാർത്ഥന കുർബാനയ്ക്കു ശേഷം ചൊല്ലേണ്ടതാണ്. പരിശുദ്ധാത്മാവിന്റെ പ്രത്യേക മാർഗ്ഗ നിർദ്ദേശമനുസരിച്ച് ദൈവഹിതപ്രകാരമുള്ള വ്യക്തി തിരഞ്ഞെ ടുക്കപ്പെടുവാൻ തീക്ഷ്ണതയോടെ ദൈവജനം മുഴുവനും പ്രാർത്ഥിക്കണം.
3. മാർച്ച് 1 മുതൽ പുതിയ മാർപാപ്പയെ തെരഞ്ഞെടുക്കുന്നതു വരെ വി. കുർബാനയിലും മറ്റ് ആരാധനാക്രമപ്രാർത്ഥനകളി ലുമുള്ള അനുസ്മരണങ്ങളിൽ പരി. പിതാവിനുവേണ്ടി പേരു പറഞ്ഞ് പ്രാർത്ഥിക്കുന്ന ഭാഗം ഉപേക്ഷിക്കാവുന്നതാണ്.
4. പുതിയ മാർപാപ്പയുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള അറിവ് ലഭിച്ചാലുടൻ നമ്മുടെ രൂപതയിലെ ഇടവകകളിലും സ്ഥാപ നങ്ങളിലും ആഹ്ലാദസൂചകമായി കുറച്ചു നേരം കൂട്ടമണി അടി ക്കേണ്ടതാണ്.
5. പുതിയ മാർപാപ്പയുടെ തിരഞ്ഞെടുപ്പിനുശേഷമുള്ള ആദ്യത്തെ ഞായറാഴ്ച ദേവാലയങ്ങളിൽ കൃതജ്ഞതാബലി അർപ്പിക്കേ ണ്ടതാണ്.

നിങ്ങളുടെ പ്രാർത്ഥന അഭ്യർത്ഥിച്ചുകൊണ്ട്

+ Pauly Kannookadan

ഇരിങ്ങാലക്കുട
25. 02. 2013

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

NB:-ഈ സർക്കുലർ മാർച്ച് 10 ഞായറാഴ്ച ദിവ്യബലി അർപ്പി ക്കപ്പെടുന്ന എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# PONTIFICAL MISSION SOCIETIES

**No. 10, Ulsoor Road, Post Box No. 4216,**
**Bangalore - 560 042, Karnataka, India**
**Tel & Fax: 08025585946; Website: www.pmsindia.net;**
**Email: pmsindia66@gmail.com**

14th February, 2013

PFIHC/SPAl2013

Most Rev Pauly Kannookadan
Bishop of Irinjalakuda
Bishop's House
Thrissur Dist, Kerala *680 121*

Your Excellency,

It is with thanks I acknowledge the receipt of your letter dated 31st January 2013 with three Cheques on South Indian Bank dated 31st Janua.ry 2013. *No. 391330 for Rs. 8,02,697/- (Rupees Eight Lakhs Two Thousand Six Hundred and Ninety Seven only)* being the *Mission Sunday Collection* and *No.* 391331 for *Rs. 17,000 (Rupees Seventeen Thousand Only)* and being the *Holy Childhood Collection* and *No. 391332* for *Rs. 23,000/- (Rupees Twenty Three Thousand only)* being - the *collection of the Society of St. Peter the Apostle* to support the Clergy and Seminaries for the *year 2012 from the Diocese of Irinjalakuda.*

I wish to express my appreciation and sincere thanks for your support in contributing towards the Universal Solidarity Fund of the Universal Church by which the Churches in need benefit.

Thanking you and assuring you of my prayers,

Yours devotedly in Christ,

**Fr Faustine L. Lobo**
National Director, PMS India



Bless A Home

# ബ്ലസ്സ് എ ഹോം

ഒരു വീടിനെ അനുഗ്രഹിക്കൂ...

ഇരിങ്ങാലക്കുട രൂപതയുടെ ബ്ലസ് എ ഹോം പദ്ധതിയിൽനിന്നു 740 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേക്ക് ഇപ്പോൾ ഒരു കോടി എഴുപത്തി മൂന്നു ലക്ഷത്തി അറുപതിനായിരം (1,73,60,000) രൂപ നൽകിയിട്ടുണ്ട്.

2010 ഏപ്രിൽ 18–ാം തിയ്യതി ആരംഭം കുറിച്ച ഈ പദ്ധതി ഇപ്പോൾ രൂപതയിലും മറ്റു മിഷൻ രൂപതകളിലുമായി 740 കുടുംബങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്നു. ഈ കുടുംബങ്ങൾക്കായി ഇതുവരെ ഒന്നേ മുക്കാൽ കോടി രൂപ നൽകിക്കഴിഞ്ഞു. നല്ല മനസ്സുള്ളവർ അദ്ധ്വാനത്തിന്റെ ഫലം പങ്കുവയ്ക്കുമ്പോൾ നമുക്ക് ആയിരം കുടുംബങ്ങളെ സഹായിക്കാൻ സാധിക്കും. ഇനിയും ചില ഇടവകയിൽ അർഹതപ്പെട്ട കുടുംബങ്ങൾ ഉണ്ടെന്ന് മനസ്സിലാക്കുന്നു.

അച്ചന്റെ ഇടവകയിൽ ഏറ്റവും അർഹതപ്പെട്ട കുടുംബം ഉണ്ടെങ്കിൽ മാത്രം ഒരു കുടുംബത്തിന് സഹായപദ്ധതിയിൽ പങ്കാളിത്തം നൽകാനാണ് ഉദ്ദേശിക്കുന്നത്. വിശദവിവരങ്ങൾ അറിയിക്കുന്നതായിരിക്കും. റീജൻസി ബ്രദേഴ്സ് നമ്മുടെ രൂപതയിലെ 702 കുടുംബങ്ങൾ സന്ദർശിക്കുകയുണ്ടായി. സന്ദർശനം കഴിഞ്ഞപ്പോൾ കുറച്ചു കുടുംബങ്ങൾ സ്വയം പര്യാപ്തതയിൽ എത്തിയതായി കാണുന്നുണ്ട്. അച്ചന്റെ ഇടവകയിൽ അങ്ങനെയുള്ള കുടുംബങ്ങൾ ഉണ്ടെങ്കിൽ ആ കുടുംബത്തെ മാറ്റി ആ ഇടവകയിൽ വേറെ കുടുംബങ്ങളെ സഹായിക്കാവുന്നതാണ്. കൃത്യമായി രേഖാമൂലം ബ്ലസ് എ ഹോം ഓഫീസിൽ അറിയിക്കേണ്ടതാണ്.

## സംഭാവന നല്കിയവർ

| | | |
|---|---|---|
| I | Paulson Lazar, Chalakudy | 12,000 |
| 2 | Mr. Joseph Antony Kombarakaran, Kattoor | 15,000 |
| 3 | Mr. Anto P. Paul Palathingal, Kattoor | 5,000 |
| 4 | Principal Staff & Students St. Joseph E.M. School, Pazhookara | 30,000 |
| 5 | Mr. Jose J. Kalan, Nellayi | 24,000 |
| 6 | Mr. Jose Brahmakulath Pokkath IJK. | 12,000 |

| | | |
|---|---|---|
| 7 | St. Thomas Cathedral Church, IJK | 2,20,875 |
| 8 | Rev. Fr. Provincial La Salette Sadan, Bangalore | 6,000 |
| 9 | Panthallukaran Lonappan Sons, Kodakara | 10,000 |
| 10 | Dr. Jose Jacob Thekkumpuram, Kattoor | 20,000 |
| 11 | Rev. Fr. Vicar & Parishioners, Mary Immaculate Church, Kundoor | 20,000 |
| 12 | Mr. George Kannookadan, Potta | 15,000 |
| 13 | Sr. Lincy Paul C/o. Rosy Poulose Kokkadan, Potta | 10,000 |
| 14 | Mr. Thomas K.A. Kaitharath, Kalparambu | 5,000 |
| 15 | Steo Jincy Karathrakaran, lrinjalakuda | 5,005 |
| 16 | Palathingal Paulose Jose, Kattoor | 5,000 |
| 17 | Late M.D. Ephrem and Annam Ephrem Maliekal, Puthenvelikara C/o. Msgr. Sebastian Maliekal | 12,000 |
| 18 | Rev. Fr. Vicar & Parishioners St. Mary's Church, Parekattukara | 10,000 |
| 19 | Rajeev K.Y. Kattuparambil, Karoor | 10,000 |
| 20 | Rev. Fr. Superior, Vincentian House, Potta | 10,000 |
| 21 | Mr. Jose Ouseph Kallan, Kottanellur | 5,000 |
| 22 | The Manager, Akkara Textiles IJK. (Box Collection) | 1,755 |

**ഫാ. വർഗ്ഗീസ് അരിക്കാട്ട്**
മാനേജിംഗ് ട്രസ്റ്റി

## ആദരാഞ്ജലികൾ

### റവ. സി. മേരി ഡോളറോസ് CMC



തൃശ്ശൂർ അതിരൂപതയിൽ മണലൂർ ഇടവക കോടങ്കണ്ടത്ത് തറവാട്ടിൽ പൊറിഞ്ചു കുഞ്ഞേല്യ ദമ്പതികളുടെ ഏക മകളായി 1919 ജനുവരി 24-ന് ബഹു. റോസമ്മ ജനിച്ചു. 1941-ൽ പ്രഥമവ്രതവാഗ്ദാനവും 1945 മെയ് 21-ന് നിത്യവ്രതവാഗ്ദാനവും നടത്തി. സന്യാസസമർപ്പണത്തിന്റെ സുവർണ്ണജൂബിലി ആഘോഷിച്ച ബഹു. ഡോളറോസമ്മ 2013 ജനുവരി 25-ന് തന്റെ ജന്മദിനത്തിന്റെ പിറ്റേനാൾ ഹൃദയസംബന്ധമായ അസുഖത്താൽ ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ളവർ മഠത്തിൽ വച്ച് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. സ്വർഗ്ഗീയ സമ്മാനത്തിനായി വിളിക്കപ്പെട്ട സ്നേഹമയിയായ ഡോളറോസമ്മയ്ക്ക് നിത്യശാന്തി നേരാം.




**1 മാർപാപ്പയുടെ സ്ഥാനത്യാഗം**

പരി. പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ സ്വമേധയാ സഭാനേതൃത്വത്തിൽനിന്ന് വിരമിക്കുന്ന വിവരം ഫെബ്രുവരി 11–ന് ചേർന്ന കൺസിസ്റ്ററിയിൽ പ്രഖ്യാപിക്കുകയുണ്ടായി. ഫെബ്രുവരി 28–ാം തിയ്യതിയാണ് വിരമിക്കുക. പുതിയ മാർപാപ്പയെ മാർച്ച് 15–ാം തിയ്യതിയോടുകൂടിയാണ് തെരഞ്ഞെടുക്കുക. അതുവരെ പത്രോസിന്റെ സിംഹാസനം ഒഴിഞ്ഞു കിടക്കും. വാർദ്ധക്യസഹജവും ആരോഗ്യപരവുമായ കാരണങ്ങളാലാണ് അദ്ദേഹം സ്വമേധയാ വിരമിക്കുന്നത്. പ്രഗത്ഭനും പ്രശസ്തനുമായ അദ്ദേഹം ഇക്കഴിഞ്ഞ 8 വർഷം സാർവ്വത്രിക സഭയ്ക്ക് കാര്യക്ഷമമായ നേതൃത്വം നൽകിയശേഷം വിരമിക്കുമ്പോൾ നേതൃത്വപദവികളിലുള്ള സകലർക്കും അദ്ദേഹം നൽകുന്നത് വിശുദ്ധിയിലൂടെയും വിനയത്തിന്റെയും ഉദാത്തമാതൃകയാണ്.

മധ്യയുഗത്തിനുശേഷം സ്ഥാനത്യാഗത്തിന് തയ്യാറാകുന്ന ആദ്യ മാർപാപ്പയാണ് ബെനഡിക്ട് പതിനാറാമൻ. സഭയുടെ ചരിത്രത്തിൽ 1294ൽ സെലസ്റ്റിൻ അഞ്ചാമൻ മാർപാപ്പായും 1415–ൽ ഗ്രിഗറി പന്ത്രണ്ടാമൻ മാർപാപ്പയും രാജി വയ്ക്കുകയുണ്ടായി. പരിശുദ്ധ പിതാവ് ഔദ്യോഗികമായി വിരമിച്ച് കഴിഞ്ഞ് കുറച്ചുകാലം കാസ്റ്റൽ ഗൊണ്ടോൾഫോയിൽ ചെലവഴിച്ചതിനുശേഷമായിരിക്കും അദ്ദേഹം പ്രാർത്ഥനയ്ക്കും വിശ്രമജീവിതത്തിനുമായി നിശ്ചയിച്ചിട്ടുള്ള പുരാതന ആശ്രമഭവനത്തിൽ താമസമാക്കുക.

**2 മാർസിദ്രാക്ക് – കോപ്സ്റ്റിക് പാത്രിയർക്കീസ്.**

ഈജിപ്തിലെ കയ്റോ ആസ്ഥാനമായുള്ള കോപ്റ്റിക് സഭയുടെ പുതിയ തലവനായി മാർ ഇബ്രാഹിം ഐസക് സിദ്രാക്ക് ഈയിടെ തിരഞ്ഞെടുക്കപ്പെട്ടു. പൗരസ്ത്യ കത്തോലിക്കാസഭകളിലെ പാത്രിയർക്കീസുമാരുടെ തിരഞ്ഞെടുപ്പിന് പതിവുള്ള അംഗീകാരം പരിശുദ്ധ പിതാവ് നൽകുകയുണ്ടായി. കർദ്ദിനാൾ അന്തോണിയോ നെഗബ് പാത്രിയാർക്കീസ് വിരമിച്ചതിനെത്തുടർന്നായിരുന്നു, മാർ സിദ്രാക്കിന്റെ തിരഞ്ഞെടുപ്പ്. ഈജിപ്തിൽ 10% കോപ്റ്റിക് കത്തോലിക്കരാണുള്ളത്.

**3 സോഷ്യൽ നെറ്റ് വർക്കുകളിൽ സജീവമാകണം – മാർപാപ്പ**

ബെനഡിക്ട് പതിനാറമൻ മാർപാപ്പ ഫെയ്സ്ബുക്ക്, ടിറ്റർ തുടങ്ങിയ മാധ്യമങ്ങളുടെ വിവിധ സാധ്യതകളെക്കുറിച്ചും അവയുടെ പോരായ്മക

ളെക്കുറിച്ചും ഈയിടെ പരാമർശിക്കുകയുണ്ടായി. താരാരാധനയും അധാർമ്മികതയും വിഭാഗീയ ചിന്തകളും സാമൂഹ്യസമ്പർക്ക മാധ്യമങ്ങൾ ബഹിഷ്ക്കരിക്കണമെന്നും യുക്തിഭദ്രവും കരുണാർദ്രവും ക്രിസ്തീയ സാക്ഷ്യം നൽകുന്നതുമായ സന്ദേശങ്ങൾ പ്രചരിപ്പിക്കാൻ ക്രൈസ്തവർ സുസജ്ജരായി കർമ്മരംഗത്ത് ഉണ്ടാകണമെന്നും മാർപാപ്പ ഈയിടെ ഉദ്ബോധിപ്പിച്ചു.

**4 പുണ്യശ്ലോകനായ ബഹു. കനിസിയൂസച്ചന്റെ അനുസ്മരണം**

വിനയാന്വിതവും വിശുദ്ധവുമായ താപസജീവിതത്തിന്റെ സൗരഭ്യം സമൂഹത്തിൽ പരത്തിയ കർമ്മലീത്താ സി.എം.ഐ. സമൂഹാംഗമായ പെരിയ. ബഹു. കനിസിയൂസ് തെക്കേക്കര അച്ചൻ ഉദാത്തമായ ജീവിത ദർശനത്തിന്റെ ഉടമയായിരുന്നു. ബൈബിൾ പണ്ഡിതനായിരുന്ന അദ്ദേഹം ബാംഗ്ലൂർ ധർമ്മാരാം കോളേജ് റെക്ടർ, തൃശൂർ ദേവമാത പ്രൊവിൻഷ്യൽ, സി.വൈ.എം. സമൂഹത്തിന്റെ ജനറാൾ, വികാരി ജനറാൾ തുടങ്ങിയ ഉന്നത പദവികളിൽ ശുശ്രൂഷ ചെയ്തിട്ടുള്ള ബഹു. കനിസിയൂസച്ചൻ ഇരിങ്ങാലക്കുട രൂപതയിലെ പരിയാരം ആസ്ഥാനമായി പ്രവർത്തിക്കുന്ന CSR ന്റെ (Centre for Spiritual Realisation) സ്ഥാപകനും ആദ്യകാല റെക്ടറുമായിരുന്നു. യശഃശരീരനായ അദ്ദേഹത്തിന്റെ ആത്മാനുകൂലാർത്ഥം ഫെബ്രു. 16–ന് വി. കുർബാനയും മറ്റ് തിരുക്കർമ്മങ്ങളും നടത്തപ്പെട്ടത് കബറിടം സ്ഥിതി ചെയ്യുന്ന കോട്ടയ്ക്കൽ (ഇരിങ്ങാലക്കുട രൂപത) സെന്റ് തെരേസാസ് ആശ്രമ ദേവാലയത്തിലാണ്. അഭിവന്ദ്യ പിതാക്കന്മാരായ മാർ പോളി കണ്ണൂക്കാടൻ, മാർ ജെയിംസ് പഴയാറ്റിൽ, മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ എന്നീ പിതാക്കന്മാർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**5 2013–2014 ലഹരി വിമുക്തവർഷം**

ഇരിങ്ങാലക്കുട രൂപതയിൽ യുവജനവർഷാചരണം 2013 ഫെബ്രുവരി 24–ന് വിവിധ പരിപാടികളോടെ ഔപചാരികമായി സമാപിച്ചു. 2013–2014 ലഹരി വിമുക്തവർഷമായി ആചരിക്കാനുള്ള സജ്ജീകരണങ്ങൾ പൂർത്തിയായി. മാർച്ച് 25–ാം തീയതി ഇരിങ്ങാലക്കുട കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിക്കപ്പെടുന്ന സമൂഹബലിയോടനുബന്ധിച്ച് ഉദ്ഘാടനം ചെയ്യുന്നതാണ്.

**6 കർദ്ദിനാൾ മാർ ക്ലീമീസ് ബാവ ശ്രദ്ധേയനായി**

സീറോമലങ്കര സഭയുടെ തലവനായി കർദ്ദിനാൾ ബസേലിയോസ് മാർ ക്ലീമിസ് കാത്തോലിക്കാബാവ വീണ്ടും ശ്രദ്ധേയനാകുന്നു. പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള തിരുസംഘത്തിലേക്കും മതാന്തരസംവാദത്തിനു വേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിലേക്കും അദ്ദേഹത്തെ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ ഈയിടെ നിയമിച്ചിരിക്കുന്നു.

7 **തിരുക്കുടുംബസന്യാസിനി സമൂഹത്തിന്റെ ശതാബ്ദി**
വാ. മദർ മറിയംത്രേസ്യ 1914ൽ സ്ഥാപിച്ച തിരുക്കുടുംബ സന്യാസിനി സമൂഹം ശതാബ്ദി വർഷത്തിലേക്ക് കടക്കുകയാണ്. 2013 മെയ് 14–ന് പുത്തൻചിറ ഫൊറോന പള്ളിയിൽ അർപ്പിക്കുന്ന സമൂഹബലിയോടു കൂടി ആരംഭിക്കുന്ന ശതാബ്ദി ആഘോഷ പരിപാടികൾ ഒരു വർഷം നീണ്ടു നിൽക്കുന്നു. സമൂഹബലിക്ക് ആർച്ചു ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ബിഷപ്പുമാരായ മാർ പോളി കണ്ണൂക്കാടൻ, മാർ ജെയിംസ് പഴയാറ്റിൽ, മാർ ജേക്കബ് മനത്തോടത്ത് തുടങ്ങിയവർ മുഖ്യ കാർമ്മികത്വം വഹിക്കും. 2014 ഏപ്രിൽ 29–ന് വാ. മറിയംത്രേസ്യയുടെ കബറിടം സ്ഥിതി ചെയ്യുന്ന കുഴിക്കാട്ടുശ്ശേരി ഹോളിഫാമിലി കോൺവെന്റിനോട് അനുബന്ധിച്ചായിരിക്കും ശതാബ്ദിയുടെ സമാപനാഘോഷം നടത്തുക.

8 **ബിഷപ്പ് ഡോ. ചക്കാലക്കൽ – സെക്രട്ടറി ജനറൽ**
കോൺഫ്രൻസ് ഓഫ് കാത്തലിക് ബിഷപ്സ് ഓഫ് ഇൻഡ്യ (CCBI) യുടെ സെക്രട്ടറി ജനറലായി കോഴിക്കോട് രൂപതാ ബിഷപ്പ് ഡോ. വർഗ്ഗീസ് ചക്കാലക്കലിനെ വീണ്ടും തെരഞ്ഞെടുത്തു. പ്രസിഡന്റായി കർദ്ദിനാൾ ഓസ്‌വാൾഡ് ഗ്രേഷ്യസ്, വൈസ് പ്രസിഡന്റായി ആർച്ചു ബിഷപ്പ് ഡോ. ഫിലിപ്പിനെയും തെരഞ്ഞെടുക്കപ്പെട്ടു.

9 **കോൺക്ലേവ് മാർച്ച് 1–ന് ആരംഭിക്കും**
ബെനഡിക്ട് 16–ാമൻ മാർപാപ്പായുടെ സ്ഥാനത്യാഗത്തെത്തുടർന്ന് ഫെബ്രുവരി 28നുശേഷം പാപ്പാസ്ഥാനത്തിന് ഒഴിവു വരുന്ന സാഹചര്യത്തിൽ പുതിയ മാർപാപ്പയുടെ തെരഞ്ഞെടുപ്പ് നടപടികൾ നീണ്ടുപോകാതിരിക്കാൻവേണ്ടി നിലവിലുള്ള നിയമത്തിൽ പരിശുദ്ധ പിതാവ് ഈയിടെ ഭേദഗതി വരുത്തുകയുണ്ടായി. അതനുസരിച്ച് തെരഞ്ഞെടുപ്പിനുവേണ്ടിയുള്ള കർദ്ദിനാളന്മാരുടെ കോൺക്ലേവ് മാർച്ച് 1–ാം തിയ്യതി ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**റവ. ഡോ. ആന്റണി മഞ്ഞളി**



# മതബോധനം

1 **സ്കോളർഷിപ്പ് പരീക്ഷ :** വേദോപദേശം, വചനം എന്റെ ജീവൻ എന്നീ സ്കോളർഷിപ്പ് പരീക്ഷയുടെ രജിസ്ട്രേഷന്റെ അവസാന തിയ്യതി മാർച്ച് 15 വരെയായിരിക്കും.

പരീക്ഷ : ഏപ്രിൽ 15 തിങ്കൾ
STD IV, VII വേദോപദേശം
സമയം : 10am മുതൽ 11.30am വരെ.
വചനം എന്റെ ജീവൻ STD V, VI, VIII, IX
" : 12 Noon മുതൽ 1 pm വരെ.

NB: 60% ൽ കൂടുതൽ മാർക്ക് ലഭിച്ച മൂന്ന് കുട്ടികൾക്കേ പരീക്ഷയിൽ പങ്കെടുക്കാൻ യോഗ്യതയുള്ളൂ. മതബോധന സ്കോളർഷിപ്പ് പരീക്ഷയുടെ വിഷയം അതാതു ക്ലാസ്സുകളിൽനിന്ന് 50%, താഴ്ന്ന രണ്ടു ക്ലാസ്സുകളിൽനിന്ന് 15% വീതവും (30%) നമസ്ക്കാരങ്ങൾ, പാഠ്യേതര വിഷയങ്ങൾ 20%. 'വചനം എന്റെ ജീവൻ' ഏറ്റവും നന്നായി ചെയ്ത 3 കുട്ടികൾക്കേ അർഹതയുള്ളൂ.

2 **മതാദ്ധ്യാപകരെ ആദരിക്കൽ :** അദ്ധ്യാപന രംഗത്ത് 25, 50 വർഷത്തെ സേവനം പൂർത്തിയാക്കിയ അദ്ധ്യാപകരുടെ പേരുവിവരങ്ങൾ മാർച്ച് 15–ന് മുൻപ് വിദ്യാജ്യോതിയിൽ വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ ഏല്പിക്കേണ്ടതാണ്. (പൂർണ്ണമായ പേര്, വയസ്സ്, വീട്ടിലെ അഡ്രസ്സ്....)

3 **X, XII ക്ലാസ്സുകളിലെ പുനർ പരീക്ഷ :** മെയ് 5 ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് ഇരിങ്ങാലക്കുട സെന്റ് മേരീസ് HSS-ൽ വച്ച് നടത്തപ്പെടുന്നു. വാർഷികപരീക്ഷയിൽ തോറ്റവരെയും, പലവിധ കാരണങ്ങളാൽ വാർഷിക പരീക്ഷയിൽ പങ്കെടുക്കാൻ സാധിക്കാത്തവരെയും ഈ പരീക്ഷയിൽ പങ്കെടുപ്പിക്കാവുന്നതാണ്. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ ഏപ്രിൽ 25–ന് മുൻപ് ഇവരുടെ പേരുകൾ നൽകേണ്ടതാണ്.

4 **ഗ്രെയ്സ് ഫെസ്റ്റ് :** അവധിക്കാലത്ത് വിദ്യാർത്ഥികൾക്കുവേണ്ടി നടത്തുന്ന 'ഗ്രെയ്സ് ഫെസ്റ്റ്' ഈസ്റ്റർ കഴിഞ്ഞുവരുന്ന ആഴ്ചയിൽ ഏപ്രിൽ 2 മുതൽ 6 വരെയോ, ഏപ്രിൽ 8–12 വരെയോ നടത്താവുന്നതാണ്. 4 വിഭാഗങ്ങൾക്കുമുള്ള വർക്ക് ബുക്കും അദ്ധ്യാപകർക്കുള്ള ഹാൻഡ് ബുക്കും നേരത്തെ ഓർഡർ ചെയ്യേണ്ടതാണ്.

NB: അദ്ധ്യാപകർക്കുള്ള പരിശീലനം മാർച്ച് 17–ാം തിയ്യതി ഞായ റാഴ്ച 9.30 മുതൽ 4 വരെ നടത്തുന്നതാണ്. ഓരോ ഇടവക യിൽനിന്ന് 2 പേർ വീതം പങ്കെടുക്കേണ്ടതാണ്. വി. കുർബാന ഉണ്ടായിരിക്കുന്നതാണ്. അന്നേദിവസം തന്നെ ഗ്രെയ്സ് ഫെസ്റ്റി നോടനുബന്ധിച്ചുള്ള പാട്ടുകളും കുട്ടികളെ പഠിപ്പിക്കുന്നതിനു വേണ്ടിയുള്ള പരിശീലനവും ഉണ്ടായിരിക്കുന്നതാണ്. പാടാനും പാട്ടു പഠിപ്പിക്കുവാനും കഴിവുള്ള രണ്ട് പേരെ ഓരോ ഇടവക യിൽനിന്നും പറഞ്ഞു വിടണമെന്ന് താല്പര്യപ്പെടുന്നു.

ഗ്രെയ്സ് ഫെസ്റ്റിന്റെ വർക്ക് ബുക്ക് മാർച്ച് 15–ാം തിയ്യതി മുതൽ ലഭിക്കുന്നതാണ്. വില 12 രൂപയായിരിക്കും.

5 **കയ്യെഴുത്തു മാസിക :** മതബോധന വിദ്യാർത്ഥികളുടെ സർഗ്ഗ വാസനകളെ വളർത്തുന്നതിനായി നടത്തപ്പെട്ട കയ്യെഴുത്തുമാ സിക പുറത്തിറക്കുവാൻ പ്രോത്സാഹിപ്പിച്ച വികാരിയച്ച ന്മാർക്കും, കൊച്ചച്ചന്മാർക്കും പ്രധാന അദ്ധ്യാപകർക്കും മതാ ധ്യാപകർക്കും എല്ലാ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കും മറ്റെ ല്ലാവർക്കും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും നേരുന്നു.

**A ഗ്രേഡ് കിട്ടിയ യൂണിറ്റുകൾ**

1. Assumption Church, Mupliyam (കടുകുമണി)
2. St. Sebastian's Church, Thachudaparambu (ഹെയ്മനുത്ത)
3. St. Sebastians Church, Thumbacode (ക്രേദോ)
4 St. Joseph Church, Vynthala (കെടാവിളക്ക്)
5. St. Mary's F. Church, Chalakudy (Cohere)
6 St. Antonys Church, Kottat (വെട്ടം)
7. Sacred Heart Church, Kaduppassery (ദി ഡോർ ഓഫ് ഫെയ്ത്ത്)
8. St. Joseph's Church, Oorakam (ഇയോ ക്രേദോ)
9 St. Antonys Church, Karottukara (ഹൈമനുസ)
10 O.L.P.H, Koodapuzha (പിസ്റ്റിസ്)
11. St. Xavier's Church, S. Thanissery (ലാ ഫീദേ)
12. Prasadavaranatha Church, Aloor (ഫീദെസ്)
13 St. Joseph's F. Church, Kodakara (നിധി)

**B ഗ്രേഡ് കിട്ടിയ യൂണിറ്റുകൾ**

1. O.M.P.H. West Chalakudy (ലൂമൻ ക്രിസ്റ്റി)
2. St. Mary's Church, Pulinkara (മാർവലാഹ്)

3. St. Alphonsa Church, Vallakunnu (ഫീദേ)
4 Christ Unit, Irinjalakuda (Vocem Fides)
5 L.F. Unit, Irinjalakuda (വാതിൽ)
6 St. Antony's Church, Perambra (റബ്ബോനി)
7 St. Sebastian's Church, Vadachira (എമുനാഹ്)
8 St. Thomas F. Church, Ambazhakad (ക്രേദോ – believe)
9 St. Sebastian's Church, Kuttikad (ലാഫേദ്സ്)
10. St. Jude Church, Munipara (ഫീദേ)
11. St. Antony's Church, Kanakamala (ഫിദേലിയ)
12 Holy Cross Church, Mapranam (ഫിയാത്ത്)

## DAILY CATECHISM & MORAL SCIENCE

1. **സ്കൂൾ മതസന്മാർഗ്ഗബോധന സ്കോളർഷിപ്പ് :** STD IV, VII, X, XII ക്ലാസ്സുകളിലെ സ്കോളർഷിപ്പ് രജിസ്ട്രേഷൻ ചെയ്യാനുള്ള അവസാന തീയതി മാർച്ച് 16 ശനിയാഴ്ച വരെയായിരിക്കും. ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച 3 കുട്ടികൾക്കേ അർഹതയുള്ളൂ.

തിയ്യതി :ഏപ്രിൽ 17 ബുധൻ

സമയം : 10 am മുതൽ 11.30 am വരെ.

NB: STD IV, VII, X. ക്ലാസ്സുകളിലെ സ്കോളർഷിപ്പിനുള്ള വിഷയങ്ങൾ Text Book 50%, താഴ്ന്ന ക്ലാസ്സുകളിൽനിന്ന് 15% വീതം (30%) ജനറൽ/പാഠ്യേതര വിഷയങ്ങൾ 20%.

XII–ാം ക്ലാസ്സിലെ സ്കോളർഷിപ്പിന്റെ വിഷയങ്ങൾ Text Book-ൽനിന്ന് 70% XI–ാം ക്ലാസ്സിൽനിന്ന് 20% ജനറൽ 10%.

സ്ഥലം : ലിറ്റിൽ ഫ്ളവർ ഹൈസ്ക്കൂൾ, ഇരിങ്ങാലക്കുട
സേക്രഡ് ഹാർട്ട് ഹൈസ്ക്കൂൾ, ചാലക്കുടി
സെന്റ് ആന്റണീസ് ഹൈസ്ക്കൂൾ, മാള

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

## ഈ മാസം പിറന്നാളും തിരുന്നാളും ആഘോഷിക്കുന്ന വൈദികർ

**Birth Days**

March 2. Rev. Fr. Jose U. Vazhappilly
March 5. Rev. Fr. Lindo Kuttikadan
March 5. Rev. Fr. JijoVakaparambil
March 6. Rev. Fr. Joseph Palathingal
March 8. Rev. Fr. Paul Payyappilly
March 10. Rev. Fr. Thomas Elamkunnapuzha
March 13.Rev. Fr. Tijo Alappat
March 17 Rev. Fr. Jose Manjaly
March 17 Rev. Fr. Joy Nellissery
March 21.Rev. Fr. Varghese Pereppadan
March 23.Rev. Fr. Jojo Thoduparambil
March 23.Rev. Fr. Andrews Maliekal
March 26. Rev. Fr. Ignatius Chungath
March 27.Rev. Fr. Raphael Moolan
March 27.Rev. Fr. Jinoj Kolenchery
March 30.Rev. Fr. Jose Panthallookaran
March 31.Msgr. Jose Palatty
March 31.Rev. Fr. Thomas Koottala
March 31.Rev. Fr. Renil Karathra
March 31.Rev. Fr. Anil Pudussery

**Feast Days**

**March 19**

Rev. Fr. Arun Thekkineth
Rev. Fr. Sinto Alappat
Rev. Fr. Jose Ambooken
Rev. Fr. Jose Aricatt
Rev. Fr. Nixon Chackorya
Rev. Fr. Bency Cheenan
Rev. Fr. Benny Cheruvathur
Rev. Fr. Jose K. Chittilappilly
Rev. Fr. Jose A. Chittilappilly
Rev. Fr. Joseph V. Chittilappilly
Rev. Fr. Kins Elamkunnapuzha
Rev. Fr. Joseph Gopuram
Msgr. Jose Irimpan
Rev. Fr. Joshy Kallely
Rev. Fr. Jose Kanamkudam
Rev. Fr. Joseph Kanamkudam
Rev. Fr. Seemon Kanjithara
Msgr. Joseph Kavalakatt
Rev. Fr. Jos Kavunkal
Rev. Fr. Jaison Kudiyirickal
Rev. Fr. Jino Malakaran
Rev. Fr. Jose Maliekal
Rev. Fr.Joseph Sunny Mandakath
Rev. Fr. Jose Maniparambil
Rev. Fr. Jose Manjaly
Rev. Fr. Liju Manjaprakaran
